ഉത്തരം

(എ) വഹിച്ചിട്ടുണ്ട്.

(ബി) 8-6-2000-ൽ മാത്രമാണ് വഹിച്ചത്. ആയത് പരിശോധിച്ചുവരുന്നു.

(സി) റിപ്പോർട്ട് പരിശോധിച്ചശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ജനകീയാസൂത്രണ പദ്ധതിപ്രകാരമുള്ള നിർമ്മാണപദ്ധതികൾ

8(391) ശ്രീ. കെ. സുധാകരൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള നിർമ്മാണ പദ്ധതികൾ നടപ്പാക്കുമ്പോൾ നിർമ്മാണം നടക്കുന്നിടത്ത് എന്തെങ്കിലും വിവരങ്ങളടങ്ങുന്ന നോട്ടീസാണ് പ്രദർശിപ്പിക്കേണ്ടത് ;

(ബി) ഈ വ്യവസ്ഥ അനുപേക്ഷണീയമാണോ ;

(സി) എങ്കിൽ ഇപ്രകാരം നോട്ടീസ് പ്രദർശിപ്പിക്കാതിരുന്ന സംഗതികളിൽ എന്തു നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള നിർമ്മാണ പദ്ധതികൾ നടപ്പാക്കുമ്പോൾ പ്രവർത്തിയുടെ പേര്, അടങ്കൽ തുക, വിഭവ സ്രോതസ്സ്, നിർവ്വഹണരീതി, നിർമ്മാണവുമായി ചുമതലപ്പെട്ടവർ എന്നീ വിവരങ്ങളടങ്ങുന്ന നോട്ടീസാണ് നിർമ്മാണ സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടത്.

(ബി) ആണ്.

(സി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിടത്തെല്ലാം ഇക്കാര്യം നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 1999-2000-ൽ വകയിരുത്തിയിരുന്ന തുക

9(392) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000-ലെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി എന്തു തുക വകയിരുത്തിയിരുന്നു ;

(ബി) ഇതിൽ എന്തു തുകയാണ് ജനകീയാസൂത്രണ പദ്ധതികൾക്ക് വേണ്ടി വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തു തുക ചെലവഴിച്ചു ;

(ഡി) എന്തു തുക പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ചു ?

ഉത്തരം

(എ) 1154.40 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) 1020 കോടി രൂപയാണ് ജനകീയാസൂത്രണ പദ്ധതികൾക്കുവേണ്ടി വകയിരുത്തിയിരുന്നത്.

(സി) ചെലവഴിച്ച തുകയുടെ ഏകദേശ രൂപം താഴെ കൊടുക്കുന്നു. ഗ്രാമ പഞ്ചായത്തുകൾ 50713.316 ലക്ഷം രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾ 1,33,97,98,624 രൂപയും നഗരസഭകൾ 99-2000-ൽ പ്ലാൻ ഫണ്ടിനത്തിൽ വിതരണം ചെയ്ത തുകയുടെ 82.27%വും ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് 62252.78 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) ജനകീയാസൂത്രണ പദ്ധതികൾക്ക് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന മുഴുവൻ തുകയും പി.ഡി. അക്കൗണ്ട് മുഖേനയാണ് ചെലവഴിക്കുന്നത്.

കൊടുമൺ പഞ്ചായത്തിൽ പദ്ധതി നടത്തിപ്പിലുണ്ടായ ക്രമക്കേടുകൾ

10(393) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കൊടുമൺ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ഉണ്ടായതായി പറയപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്താൻ ഉത്തരവായത് എന്നാണ് ;

(ബി) അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ; റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ് ;

(സി) ഇതിൻമേൽ എന്തു നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ ;

(ഡി) റിപ്പോർട്ട് ലഭിച്ചില്ലെങ്കിൽ അതിനു കാലതാമസം ഉണ്ടാകാൻ കാരണമെന്ത് ; അന്വേഷണ റിപ്പോർട്ട് അടിയന്തിരമായി ലഭിക്കാൻ സർക്കാർ കൈക്കൊണ്ട നടപടി വിശദമാക്കാമോ ;

(ഇ) ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് കൊടുമൺ പഞ്ചായത്തിൽ അഴിമതി നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ കുറ്റക്കാർക്കെതിരെ കർശന നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) പഞ്ചായത്ത് ഡയറക്ടർ 17-1-99-ലാണ് അന്വേഷണത്തിന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ഉത്തരവ് നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly